പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2982

20.12.2012 ലെ മറുപടിയ്ക്ക്

## സർക്കാർ ഭൂമി കൈയേറ്റം

ചോദ്യം
ശ്രീ.മാത്യു.റ്റി.തോമസ്
ശ്രീ.ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു

ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| എ) | സർക്കാർ ഭൂമി സ്വകാര്യവ്യക്തികൾ കയ്യേറുന്നത് സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ നടപടികൾ ഉണ്ടാകാതിരിക്കുവാൻ കാരണം വ്യക്തമാക്കുമോ; | എ) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ഇത്തരം കേസുകളിൽ ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| ബി) | ആറന്മുള വിമാനത്താവളത്തിനായി സർക്കാർ തോടും സർക്കാർ ഭൂമിയും കയ്യേറി നികത്തുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. ആറന്മുള വിമാനത്താവളത്തിനായി സർക്കാർ തോട് അനധികൃതമായി കയ്യേറിയത് സംബന്ധിച്ച് പത്തനംതിട്ട ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച റിപ്പോർട്ടിന്മേൽ ജോയിന്റ് ലാന്റ് റവന്യു കമ്മീഷണർ വിശദമായ സ്ഥലപരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് വിജിലൻസ് വകുപ്പിന് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. കൂടാതെ തോട് പുറമ്പോക്കിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ വക ഭൂമി എന്ന ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ